# **തായ്‌ലാൻഡിന്റെ വിദേശകാര്യ മന്ത്രിയുടെ ഇന്ത്യാ സന്ദർശനം (നവംബർ 30 - ഡിസംബർ 01, 2025)**

ഡിസംബർ 02, 2025

തായ്‌ലൻഡ് വിദേശകാര്യ മന്ത്രി ശ്രീ. സിഹാസക് ഫുവാങ്കെറ്റ്കിയോ 2025 നവംബർ 30 മുതൽ ഡിസംബർ 01 വരെ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനം നടത്തി.

2. 2025 ഡിസംബർ 01-ന് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ തായ് വിദേശകാര്യ മന്ത്രിയുമായി പ്രതിനിധി തല ചർച്ചകൾ നടത്തി. കൂടാതെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലുമായും FM ഫുവാങ്കെറ്റ്കിയോ കൂടിക്കാഴ്ച നടത്തി.

3. രാഷ്ട്രീയ ഇടപെടലുകൾ, പ്രതിരോധം, സുരക്ഷാ സഹകരണം, വ്യാപാരം, നിക്ഷേപം, സൈബർ& ഡിജിറ്റൽ, കണക്റ്റിവിറ്റി, ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയവയിലുള്ള സഹകരണം ഉൾപ്പെടെ ഇന്ത്യ-തായ്‌ലാൻഡ് ഉഭയകക്ഷി ബന്ധത്തിന്റെ മുഴുവൻ മേഖലയും ഇരു മന്ത്രിമാരും അവലോകനം ചെയ്തു.

4. അവർ പരസ്പര താൽപര്യമുള്ള പ്രാദേശിക വിഷയങ്ങളെക്കുറിച്ചും, പ്രത്യേകിച്ച് മ്യാൻമറിലെ സാഹചര്യം സംബന്ധിച്ചും, കൂടാതെ പ്രദേശത്ത് പ്രവർത്തിക്കുന്ന അന്തർദേശീയ കുറ്റകൃത്യ ശൃംഖലകളും തട്ടിപ്പ് കേന്ദ്രങ്ങളും മൂലം ഉയരുന്ന വെല്ലുവിളികളെ നേരിടുന്നതിനുള്ള സഹകരണത്തെക്കുറിച്ചും അഭിപ്രായങ്ങൾ കൈമാറി.

5. ഇന്ത്യ–തായ്‌ലൻഡ് തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താനും, ഇൻഡോ–പസഫിക് മേഖലയിലെ സമാധാനം, സ്ഥിരത, സമൃദ്ധി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ രംഗങ്ങളിലും സഹകരണം വർധിപ്പിക്കാനുമുള്ള പ്രതിബദ്ധത ഇരുവിഭാഗങ്ങളും വീണ്ടും ഉറപ്പിച്ചു.

ന്യൂഡൽഹി

ഡിസംബർ 02, 2025